**കേരള സർക്കാർ**

പൊതുഭരണ (ഏകോപന) വകുപ്പ്

**സർക്കുലർ**

നമ്പർ 80649/സി.ഡി.എൻ.4/05/പൊ.ഭ.വ. *തിരുവനന്തപുരം, 2005 ഒക്ടോബർ 15.*

*വിഷയം:*—പൊതുഭരണ വകുപ്പ്—അറിയുവാനുള്ള അവകാശ ചട്ടം 2005—ഗവൺമെന്റ് സെക്രട്ടേറിയറ്റ് വകുപ്പുകളിൽ പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരേയും അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരേയും സ്ഥാന നിർദ്ദേശം ചെയ്യുന്നത് സംബന്ധിച്ച്.

*സൂചന:*—10-10-2005-ലെ ജി.ഒ.(പി) 367/2005/പൊ.ഭ.വ. നമ്പർ ഉത്തരവ്.

പാർലമെന്റ് പാസ്സാക്കി 15-6-2005-ൽ രാഷ്ട്രപതി അനുമതി നൽകിയ അറിയുവാനുള്ള അവകാശ ചട്ടം 2005-നെ (Right to Information Act 2005) ആധാരമാക്കി സൂചനയിലെ ഉത്തരവ് പ്രകാരം കേരള സംസ്ഥാന ഇൻഫർമേഷൻ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. ജനാധിപത്യ മൂല്യങ്ങൾക്ക് അനുസൃതമായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അധികാര നിർവ്വഹണത്തിൽ സുതാര്യത ഉറപ്പാക്കുന്നതിനും, ഉദ്യോഗസ്ഥർക്ക് കൂടുതൽ ഉത്തരവാദിത്വം നൽകാനും, പൊതുജനങ്ങൾക്ക് ആവശ്യമായ ഔദ്യോഗിക രേഖകൾ യഥാസമയം ലഭ്യമാക്കുന്നതിനുമാണ് ഈ നിയമം നടപ്പിലാക്കുന്നത്. കേന്ദ്ര നിയമത്തിലെ വകുപ്പ് 4(1) പ്രകാരം, ഓരോ ഓഫീസുകളിലും, പൊതുജനങ്ങൾക്ക് ആവശ്യമായ വിവരം യഥാസമയം നൽകുന്നതിന് ജില്ലാതലത്തിലും, ഉപജില്ല/സബ് ഡിവിഷൻ തലത്തിലും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരേയും/സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരേയും സ്ഥാന നിർദ്ദേശം ചെയ്യേണ്ടതുണ്ട്. സെക്രട്ടേറിയറ്റിതര വകുപ്പുകളിൽ ഇതു സംബന്ധിച്ച് സത്വര നടപടി സ്വീകരിക്കാൻ സൂചനയിലെ ഉത്തരവ് മുഖേന എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

2. ഗവൺമെന്റ് സെക്രട്ടേറിയറ്റ് വകുപ്പുകളിൽ അറിയുവാനുള്ള അവകാശ ചട്ടം 2005 പ്രകാരം പൊതുജനങ്ങൾക്ക് വിവരങ്ങൾ ലഭ്യമാക്കുന്നതിന് അപേക്ഷകളും അപ്പീലുകളും സ്വീകരിക്കാനുള്ള അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരായി അതാത് വകുപ്പുകളിലെ പാർലമെന്റ് സെക്ഷന്റെ ചുമതലയുള്ള ഓഫീസർമാരെ സ്ഥാന നിർദ്ദേശം (Designate) ചെയ്യേണ്ടതാണ്. ഓരോ വകുപ്പും അതാതിന്റെ പ്രവർത്തനഘടനയ്ക്ക് അനുസൃതമായി, ആവശ്യാനുസരണം, ഒന്നോ ഒന്നിൽക്കൂടുതലോ ജോയിന്റ്/അഡീഷണൽ സെക്രട്ടറിമാരെ, പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരായും, ഓരോ വകുപ്പിന്റെയും പ്രിൻസിപ്പൽ സെക്രട്ടറിമാരെ/സെക്രട്ടറിമാരെ അതാത് വകുപ്പിന്റെ അപ്പലേറ്റ് അതോറിറ്റിയായും സ്ഥാന നിർദ്ദേശം ചെയ്യേണ്ടതാണ്.

3. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളും 19-10-2005-ന് മുൻപായി ഇത് സംബന്ധിച്ച നടപടി കൈക്കൊള്ളേണ്ടതും, ഇപ്രകാരം സ്ഥാന നിർദ്ദേശം ചെയ്ത ഓഫീസർമാരെ സംബന്ധിച്ച വിശദ വിവരം ഇതോടൊപ്പമുള്ള പ്രൊഫോർമയിൽ ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പുമായി ബന്ധപ്പെട്ട് സർക്കാർ വെബ്സൈറ്റ് (www.kerala.gov.in) പരസ്യപ്പെടുത്തേണ്ടതുമാണ്. വെബ്സൈറ്റുകൾ ഇല്ലാത്ത വകുപ്പുകൾ വെബ്സൈറ്റ് ആരംഭിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതുമാണ്.

4. എല്ലാ വകുപ്പ് സെക്രട്ടറിമാരും, മേൽപ്പറഞ്ഞിട്ടുള്ള തീരുമാനങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**ഇ. കെ. ഭരത്ഭൂഷൺ,**

*പ്രിൻസിപ്പൽ സെക്രട്ടറി.*

## Pro Forma

**Name of Secretariat Department :**

| *Sl. No* | *Name of Officer with designation* | *Designated Post (Appellate authority, Information Officer, Assistant Information Officer as the case may be)* | *Telephone No.* | *Subject matter dealt with* |
|---|---|---|---|---|
| | | | | |



GPM. 3/236/2013—2A